തൃശ്ശൂർ: പ്രശസ്ത ശ്രീലങ്കൻ ഡോക്യുമെന്ററി സിനിമാ സംവിധായകനായ സോമീതരൻ ഡയാസ്പൊറയിൽ[1] അംഗത്വം എടുത്തു. ബേർണിങ്ങ് മെമ്മറീസ്, മുല്ലത്തീവ് സാഗ എന്നീ സിനിമകളിലൂടെ ശ്രീലങ്കൻ തമിഴരുടെ പ്രശ്നങ്ങൾ സോമീതരൻ ലോകശ്രദ്ധയിൽ കൊണ്ടുവന്നു. വിബ്ജിയോർ മഴവിൽ മേളയുടെ[2] സമാപന ചിത്രമായ തരകി എന്ന തന്റെ പുതിയ ചിത്രവുമായാണ് സോമീതരൻ തൃശ്ശൂരെത്തിയത്.




ഫേസ്ബുക്ക് ടിറ്റർ തുടങ്ങിയവ പോലെ സാമൂഹ്യശൃംഖലയാണ് ഡയാസ്പൊറ എന്നാൽ അവയിൽ നിന്നും വ്യത്യസ്തമായി സ്വതന്ത്രവും വികേന്ദ്രീകൃതവും ആണ് ഡയസ്പൊറ. ഒരേ സേവനത്തിന് ഒന്നിലധികം സേവന ദാതാക്കളുടെ ലഭ്യതയും ആവശ്യമെങ്കിൽ സ്വയം സേവന ദാതാവ് ആകാം എന്നുള്ളതുമാണ് വികേന്ദ്രീകൃതം ആവുന്നതിലെ സൌകര്യം. മൊബൈൽ ഫോണിൽ BSNL-നമ്പറിൽ നിന്ന് എയർടെൽ നമ്പറിലേക്കോ മറ്റൊരു സേവനദാവിന്റെ നമ്പറിലേക്കോ വിളിക്കുന്നതു പോലെ ഒരു സേവന ദാതാവിൽ നിന്നുള്ള സൌകര്യം ഉപയോഗിച്ച് സേവനദാതാവിൽ നിന്നുള്ള ഉപയോക്താവുമായി വിവരങ്ങൾ പങ്ക് വെക്കാൻ സാധിക്കുന്നു. ഇത് നമ്മൾ മറ്റുള്ള വരുമായിപങ്കിടുന്ന വിവരങ്ങളിൽ നമ്മുടെ ഉടമസ്ഥാവകാശവും നിയന്ത്രണവും ഉറപ്പുവരുത്തുന്നു. അതായത് നമ്മൾ പങ്കിട്ട വിവരങ്ങൾ നമ്മുടെ അനുവാദം കൂടാതെ മറ്റൊരാൾക്ക് നീക്കം ചെയ്യുകയോ മാറ്റം വരുത്തുകയോ ചെയ്യില്ല എന്ന് ഉറപ്പ് വരുത്താം. കൂടാതെ ഇതിൽ ഉപയോഗിക്കുന്ന പ്രത്യേക പ്രോട്ടോക്കോൾ സ്വതവേ കൂടുതൽ സ്വകാര്യത ഉറപ്പ വരുത്തുന്നു.

ന്യൂയോർക്ക് വിശ്വവിദ്യാലയത്തിലെ നാല് വിദ്യാർത്ഥികളാണ് ഫേസ്ബുക്ക്, ടിറ്റർ തുടങ്ങിയ കേന്ദ്രീകൃത സോഷ്യൽ നെറ്റ്‌വർക്കുകൾക്കുള്ള സ്വതന്ത്ര ബദലായ ഡയാസ്പൊറ സംരംഭം തുടങ്ങിയത്. പ്രമുഖ സോഫ്റ്റ്‌വെയർ സ്വാതന്ത്ര്യ വക്താവായ എബൻ മോഗ്ലന്റെ ഫേസ്ബുക്കുപോലുള്ള കേന്ദ്രീകൃത സേവനങ്ങളുടെ അപകടങ്ങളെക്കുറിച്ചുള്ള പ്രസംഗമാണ് ഇതുപോലൊരു സംരംഭം തുടങ്ങാൻ ഇലിയ ഷിട്ടോമിർസ്കി, മാക്സ്‌വെൽ സാൽസ്ബർഡ്, ഡാനിയൽ ഗ്രിപ്പി, റാഫേൽ സോഫർ എന്നിവർക്ക് പ്രചോദനമായത്.




ഡയാസ്പറയുടെ പ്രചാരണത്തിനായി, പൂനെ കേന്ദ്രമാക്കി പ്രവർത്തിയ്ക്കുന്ന സന്നദ്ധപ്രവർത്തകരുടെ കൂട്ടമാണ് ഡയാസ്പൂനെ[3]. ഡയസ്പൊറയുടെ പ്രചരണാർത്ഥം പൂനെയിൽ നിന്നും വന്ന ഡയസ്പൂനെ പ്രവർത്തകരാണ് സോമീതരന് ഡയസ്പൊറ പരിചയപ്പെടുത്തിയത്. സേവനസാമൂഹിക പ്രതിബദ്ധതയുള്ള കലാകാരന്മാർക്ക് ഡയാസ്പറ പോലുള്ള സ്വതന്ത്ര സംരംഭങ്ങൾ സർഗ്ഗസ്വാതന്ത്ര്യത്തിന് ആവശ്യമാണെന്ന് സോമീതരൻ പറഞ്ഞു.

http://podupti.me എന്ന വെബ്സൈറ്റിൽ നിന്നും ഏതെങ്കിലും സേവനം തെരഞ്ഞെടുത്ത് ഡയാസ്പറ ഉപയോഗിച്ച് തുടങ്ങാം. വികേന്ദ്രീകൃത മാതൃകയാണെങ്കിലും ഒരു അക്കൌണ്ട് തുടങ്ങിക്കഴിഞ്ഞാൽ ഫേസ്ബുക്ക്, ടിറ്റർ എന്നിവ പോലെ എളുപ്പത്തിൽ വിവരങ്ങളും ചിത്രങ്ങളും ചലച്ചിത്രങ്ങളും കൂട്ടുകാരുമായി പങ്കുവയ്ക്കാൻ സാധിയ്ക്കും. നമുക്ക് താത്പര്യമുള്ള വിഷയങ്ങളിലെ ചർച്ചകളും വിവരങ്ങളും മറ്റും കണ്ടെത്താൻ, ടിറ്റർ ജനകീയമാക്കിയ ഹാഷ്ടാഗുകൾ എന്ന വിദ്യ സഹായിക്കും. ഡയാസ്പറയിലും ഈ സംവിധാനം ലഭ്യമാണ്.

ഡയാസ്പറയെക്കുറിച്ചുള്ള കൂടുതൽ വിവരങ്ങൾക്ക് ഡയാസ്പൂനെ പ്രവർത്തകരായ ലബീബ് മാട്ടര (+91 9923709772 or mmlabeeb@diasp.org), പ്രവീൺ അരിമ്പ്രത്തൊടിയിൽ (+91 9561745712 or j4v4m4n@joindiaspora.com) എന്നിവരുമായി ബന്ധപ്പെടാം. https://joindiaspora.com/u/somee എന്നാണ് സോമീതരന്റെ ഡയാസ്പറ വിലാസം.

[1] http://diasporaproject.org/

[2] http://vibgyorfilm.org/

[3] http://diaspune.net/